(ബി) കണക്ക് എടുത്തിട്ടില്ല.

(സി) സർക്കാരിൽ നിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഒരു കോടി രൂപ പ്രതിവർഷം ഗ്രാന്റായി നൽകുന്നു. ഇതിൽ 20 ലക്ഷം രൂപ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനുള്ളതാണ്. മലബാർ മേഖലയിലെ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായി 50 ലക്ഷം രൂപയും വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളത്തിനായി 1 കോടി രൂപയും സർക്കാർ നൽകിവരുന്നുണ്ട്. ഈ തുക ഇപ്പോൾ മൂന്നു കോടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

"ദേവസ്വം ബോർഡുകൾക്ക് അനുവദിച്ച ഗ്രാന്റ്"

45 [2908] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ ദേവസ്വം ബോർഡുകൾക്ക് സർക്കാർ എന്തു തുക വീതമാണ് ഗ്രാന്റ് ആയി അനുവദിക്കാറുള്ളത്;

(ബി) മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് മറ്റ് രണ്ട് ദേവസ്വം ബോർഡുകളിലെ ജീവനക്കാരെക്കാളും ശമ്പളം കുറവാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ജീവനക്കാർക്ക് ഗുണകരമായ വിധത്തിൽ ശമ്പളപരിഷ്ക്കരണം നടത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ശബരിമല തീർത്ഥാടന കേന്ദ്രത്തെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കി ഉയർത്തുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സർക്കാരിൽ നിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് വാർഷിക കോൺട്രിബ്യൂഷനായി 40,50,000 രൂപയും സ്പെഷ്യൽ ഗ്രാന്റായി 15,00,000 രൂപയും ഉൾപ്പെടെ 55,50,000 രൂപ നൽകിയിരുന്നത് 2003-2004 സാമ്പത്തിക വർഷം മുതൽ ജി.ഒ. (എം എസ്.) നം. 378/2003/ആർഡി. തീയതി, 6-12-2003 പ്രകാരം 80,00,000 രൂപയായി സർക്കാർ വർദ്ധിപ്പിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. മലബാറിലെ വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകാൻവേണ്ടിയുള്ള മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിലേയ്ക്കുള്ള സർക്കാരിന്റെ കോൺട്രിബ്യൂഷൻ 2003-2004 മുതൽ ഒരു കോടി രൂപയിൽ നിന്നും മൂന്ന് കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. മലബാറിലെ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനായി സർക്കാർ പ്രതിവർഷം 50 ലക്ഷം രൂപ ഗ്രാന്റായി നൽകിവരുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലബാറിലെ ക്ഷേത്രജീവനക്കാരുടെ ശമ്പളം 29-6-2004-ലെ ജി.ഒ. (എം എസ്.) നം. 225/04/ആർഡി. പ്രകാരം പരിഷ്ക്കരിച്ച് നൽകിയിട്ടുണ്ട്.

(സി) ഈ കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ദേവസ്വം ബോർഡുകൾ

46 [2909] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള എത്ര ദേവസ്വം ബോർഡുകൾ ഉണ്ട്;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ദേവസ്വം ബോർഡിൽ നിക്ഷിപ്ത മായിരിക്കുന്നത്;

(സി) ഓരോ ദേവസ്വം ബോർഡുകളുടെയും അധീനതയിൽ എത്ര ക്ഷേത്രങ്ങൾ വീതം ഉണ്ട്;

(ഡി) സ്വകാര്യ ക്ഷേത്രങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് ദേവസ്വം ബോർഡ് സഹായം നൽകാറുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് സഹായം നൽകുന്നത്;

(ഇ) സ്വകാര്യ കാവുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണത്തിനായി ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) രണ്ട് ദേവസ്വം ബോർഡുകൾ.

(ബി) ദേവസ്വം ബോർഡുകളുടെ കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ നടത്തിപ്പ് അതാത് ദേവസ്വം ബോർഡുകളിൽ നിക്ഷിപ്തമാണ്. 1950-ലെ ട്രാവൻകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ് തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകൾ പ്രവർത്തിക്കുന്നത്.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 1207 ക്ഷേത്രങ്ങളും കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ 393 ക്ഷേത്രങ്ങളും ഉണ്ട്.

(ഡി) നിത്യപൂജ നടത്താൻ വകയില്ലാത്തതും ആയതിലേക്ക് ധനസഹായം ആവശ്യപ്പെടുന്നതുമായ സ്വകാര്യ ക്ഷേത്രങ്ങൾക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് പൂജാഗ്രാന്റ് നൽകിവരുന്നുണ്ട്.

(ഇ) ദേവസ്വം വകുപ്പിന് ഇപ്പോൾ പദ്ധതികളൊന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly